**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4450** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി കോളനികളിലേക്കുള്ള റോഡുകൾ നവീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾ പ്രകാരം തുക വകയിരുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ റോഡ് നിർമ്മാണവും, നവീകരണവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, നബാർഡ്, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ ടി.ആർ.ഡി.എം മുഖേന പുനരധിവസിപ്പിക്കപ്പെട്ട കോളനികൾക്ക് ടി.ആർ.ഡി.എം പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മിച്ചു നൽകി വരുന്നു. |
| (ബി) | 2018-19 മുതൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം, പ്രവൃത്തി, തുക 2019-20 - ചുനക്കര കാരൂർത്തറ റോഡ് കോൺക്രീറ്റിംഗ് - 9,70,000/-രൂപ , 2019-20 - നൂറനാട് സംരക്ഷണ ഭിത്തി നിർമ്മാണം, നടപ്പാത കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ് (ഭരണിക്കാവ്) - 78,30,000/-രൂപ, 2019-20 - ചുനക്കര റോഡ് റീ ടാറിംഗ്, നടപ്പാത കോൺക്രീറ്റിംഗ്- റോഡ് റീ ടാറിംഗ് (ഭരണിക്കാവ്) - 31,50,000/-രൂപ 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നൂറനാട് ഗ്രാമപഞ്ചായത്തിലെ 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടാർപാളിൻ ഷീറ്റ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ എസ്.എസ്.എൽ.സി പാസ്സായ ഒരു വിദ്യാർത്ഥിക്ക് തുടർപഠനത്തിനായി 5,000/-രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ